# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1428** **06.02.2020-ൽ മറുപടിയ്ക്ക്**

## നിലമ്പൂർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | എ) നിലമ്പൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മത്സ്യകർഷക വികസന ഏജൻസിയുമായി ചേർന്ന് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം ശാസ്ത്രീയ സമ്മിശ്ര കാർപ്പ്, കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, കാർപ്പ് വിത്ത് ഉല്പാദന യൂണിറ്റ് എന്നിവയിലായി 33.69 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി നടപ്പിലാക്കി. |
| ബി) നിലമ്പൂർ കേന്ദ്രീകരിച്ച് മത്സ്യഭവനം ഓഫീസ് രൂപീകരിക്കുന്നതിന്റെ നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | ബി) ഫിഷറീസ് വകുപ്പിന് മത്സ്യഭവൻ ഓഫീസ് നിലമ്പുരിൽ പ്രവർത്തിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മത്സ്യ ഭവന്റെ പ്രവർത്തനത്തിനായി ഓരോ Fisheries Extension Officer (FEO), ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. ആയതിലേക്ക് നിയമനം എത്രയും വേഗം നടത്താനുള്ള നടപടികൾ പരിഗണനയിലാണ്. കൂടാതെ മത്സ്യഭവൻ പ്രവർത്തിക്കുന്നതിനു വേണ്ടി നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ഇതു കൂടെ ലഭ്യമാകുന്നതോടുകൂടി നിലമ്പൂർ മത്സ്യഭവൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**